തദ്ദേശഭരണ സ്ഥാപനങ്ങളിലെ അക്കൗണ്ടിംഗും ആഡിറ്റിംഗും

77 [795] ശ്രീ. എ. സുജനപാൽ:
„ വി. ഡി. സതീശൻ:
„ എം. കെ. പോൾസൺ മാസ്റ്റർ:
ശ്രീമതി മാലേത്ത് സരളാദേവി:
ശ്രീ. എൻ. ഡി. അപ്പച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ അക്കൗണ്ടിംഗിലും ആഡിറ്റിംഗിലും എന്തെല്ലാം മാറ്റം വരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളുടെ കണക്കുകളുടെ എത്ര ശതമാനം അക്കൗണ്ടന്റ് ജനറൽ ആഡിറ്റു ചെയ്യും;

(സി) ലോക്കൽ ഫണ്ട് ആഡിറ്റ് ഡിപ്പാർട്ട്മെന്റ് ആഡിറ്റ് ചെയ്ത കണക്കുകളുടെ ഒരു ഭാഗം വീണ്ടും അക്കൗണ്ടന്റ് ജനറൽ ആഡിറ്റ് ചെയ്യുന്നുണ്ടോ;

(ഡി) എങ്കിൽ അഖിലേന്ത്യാ പാറ്റേൺ അനുസരിച്ചാണോ ഇപ്രകാരം ലോക്കൽഫണ്ട് ആഡിറ്റ് വകുപ്പ് നടത്തുന്ന കണക്കുകൾ വീണ്ടും അക്കൗണ്ടന്റ് ജനറൽ ആഡിറ്റു ചെയ്യുന്നതെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ത്രിതല പഞ്ചായത്തുകൾക്ക് കംപ്ട്രോളർ & ആഡിറ്റർ ജനറൽ ഓഫ് ഇന്ത്യ നിർദ്ദേശിച്ച രൂപത്തിലുള്ള അക്കൗണ്ട്സും ബഡ്ജറ്റും കേരളത്തിലെ സാഹചര്യ മനുസരിച്ച് ഭേദഗതി വരുത്തി 1-10-2003 മുതൽ നടപ്പിലാക്കാൻ തീരുമാനിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ പുതിയ അക്കൗണ്ടിംഗിലുള്ള പരിശീലന പരിപാടി പൂർത്തിയാകാത്തതിനാൽ പുതിയ അക്കൗണ്ടിംഗ് സംവിധാനം നടപ്പിൽ വരുത്തുവാൻ കുറച്ചുകൂടി സമയം വേണ്ടിവരും. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ആഡിറ്റിംഗിൽ മാറ്റങ്ങളൊന്നുംതന്നെ വരുത്തിയിട്ടില്ല.

(ബി) കേരളത്തിലെ മൊത്തം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ (1215) 10% സംസ്ഥാന അക്കൗണ്ടന്റ് ജനറൽ വാർഷിക ആഡിറ്റ് നടത്തുന്നതും കൂടാതെ ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ പൂർത്തിയാക്കിയ ആഡിറ്റിന്റെ 10% സംസ്ഥാന ആക്കൗണ്ടന്റ് ജനറൽ സപ്ലിമെന്ററി ആഡിറ്റുകൂടി നടത്തുന്നതാണ്.

(സി) ഉണ്ട്. വിശദാംശം ഖണ്ഡിക 'ബി'-യിൽ പ്രതിപാദിച്ചിട്ടുണ്ട്.

(ഡി) അഖിലേന്ത്യാ പാറ്റേൺ അനുസരിച്ചല്ല. കേന്ദ്ര ധനകാര്യ കമ്മീഷന്റെ ശുപാർശ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആഡിറ്റ് കംപ്ട്രോളർ & ആഡിറ്റർ ജനറലിൽ നിക്ഷിപ്തമാക്കണമെന്നാണ്. ഓരോ സംസ്ഥാനവും പ്രാദേശിക സാഹചര്യങ്ങൾക്കനുസൃതമായി മുഴുവൻ ആഡിറ്റോ നിശ്ചിത ശതമാനം ആഡിറ്റോ കംപ്ട്രോളർ & ആഡിറ്റർ ജനറലിൽ നിക്ഷിപ്തമാക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly